(ബി) ഈ സ്ഥിതി തരണം ചെയ്യുന്നതിന് ഈ വിഭാഗങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും പ്രത്യേകം സപ്ലിമെന്ററി എൻട്രൻസ് പരീക്ഷകൾ നടത്തുവാനുള്ള സംവിധാനം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പൊതു പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷയിൽ നിശ്ചിത ശതമാനം മാർക്ക് നേടിയിരിക്കണമെന്ന നിബന്ധനയില്ല. സംവരണമായ അപക്ഷ സമർപ്പിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പരീക്ഷയുടെ രണ്ട് പേപ്പറും എഴുതിയാൽ റാങ്ക് പട്ടികയിൽ ഉൾപ്പെടും. അതിനാൽ ഈ വിഭാഗങ്ങൾക്ക് പ്രത്യേകം പ്രാവേശന പരീക്ഷ നടത്തേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

ബേപ്പൂർ നിയോജകമണ്ഡലത്തിൽ അപ്ഗ്രേഡ് ചെയ്യാനുദ്ദേശിക്കുന്ന യു. പി. സ്കൂളുകൾ

107 [2428] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്ന എൽ. പി., യു. പി. സ്കൂളുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിനുള്ള പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിരുന്ന സ്ഥാപനങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

എഡ്യൂസാറ്റ് പദ്ധതി

108 [2429] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

എം. പി., എം. എൽ. എ. അല്ലെങ്കിൽ മറ്റേതെങ്കിലും വികസന ഫണ്ട് ഉപയോഗിച്ച് എവിടെയെങ്കിലും എഡ്യൂസാറ്റ് പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

ഉത്തരം

ഐ. ടി. അറ്റ് സ്കൂൾ പ്രോജക്ടിന്റെ സ്വം സർവശിക്ഷാഅഭിയാൻ (എസ്. എസ്. എ.) നോയും ഫണ്ടുകൾ ഉപയോഗിച്ച് സംസ്ഥാനത്തെ 15 സെന്ററുകളിൽ Satellite Interactive Terminal സ്ഥാപിച്ച് എഡ്യൂസാറ്റ് പദ്ധതി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly